## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5073 | | | 28.10.2016-ൽ മറുപടിയ്ക്ക് |
|---|---|---|---|
| പെൻഷൻ വിതരണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എം.എം. മണി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | മുൻസർക്കാരിന്റെ കാലത്ത് വിവിധ പെൻഷനുകളുടെ വിതരണം മുടങ്ങിക്കിടന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പെൻഷൻ വിതരണം കാര്യക്ഷമമാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | പെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള ഗുണഭോക്താക്കളുടെ വിവരങ്ങളും അവർ ആവശ്യപ്പെടുന്ന വിതരണ മാർഗ്ഗങ്ങളും ശേഖരിക്കുന്നതിന് കുടുംബശ്രീ മുഖേന സർവ്വേ നടത്തുകയും പെൻഷൻ വീട്ടുകളിൽ ലഭിക്കണമെന്ന് ആവശ്യപ്പെട്ടവർക്കും പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തിരഞ്ഞെടുത്തവർക്കും പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേന നേരിട്ട് വീട്ടുകളിൽ എത്തിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | എല്ലാ സാമൂഹ്യക്ഷേമ പെൻഷനുകളും കുടിശ്ശിക സഹിതം വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യാൻ കഴിയാതെ പോയ സാഹചര്യം വിശദീകരിക്കാമോ? | (ഡി) | കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യാൻ കഴിയാതെ പോയ സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ